# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കോളേജ്, പടന്നക്കാട് പി.ഒ.,
കാസറഗോഡ് ജില്ല, പിൻ: 671314, കേരളം
ഫോൺ: 91 467 2282699, 91 467 2280616, ഫാക്സ്: 91 467 2284099,
E-mail: coapad@kau.in


150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

നമ്പർ: ജി1-55/2020

തീയ്യതി: 18.03.2020

## ദർഘാസ് /ലേല പരസ്യം

കാർഷിക കോളേജ് പടന്നക്കാടിന് കീഴിലുള്ള നീലേശ്വരം (കരുവാച്ചേരി) ഇൻസ്ട്രക്ഷണൽ ഫാം (യൂണിറ്റ്-2) ലെ പ്രധാന കെട്ടിടം, ഫാം ഓഫീസ്, ഗസ്റ്റ് ഹൗസ് എന്നിവ അടിച്ചുവാരി വൃത്തിയാക്കുകയും, ടോയ്ലറ്റുകളും കുളിമുറികളും വാഷ്ബേസിനുകളും കഴുകി വൃത്തിയാക്കുകയും ചെയ്യുന്ന ജോലി ഒരു വർഷത്തേക്ക് ഏറ്റെടുത്ത് നിർവഹിക്കാൻ താൽപ്പര്യമുള്ളവരിൽ നിന്നും സീൽ ചെയ്ത കവറിൽ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് അംഗീകരിക്കുന്ന തീയ്യതി മുതൽ ഒരു വർഷത്തേക്കായിരിക്കും കാലാവധി.

ദർഘാസുകൾ അസോസിയേറ്റ് ഡീൻ, കാർഷിക കോളേജ് പടന്നക്കാട് (പി.ഒ) എന്ന വിലാസത്തിൽ **28-03-2020-ന്** വൈകുന്നേരം 3 മണിക്ക് മുമ്പ് ലഭിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം 1000/- രൂപ നിരതദ്രവ്യം കെട്ടിവെക്കേണ്ടതാണ്. ദർഘാസുകൾ ഹാജരായ ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ അന്ന് തന്നെ തുറന്ന് പരിശോധിക്കുന്നതാണ്. സ്വീകരിക്കപ്പെടുന്ന ദർഘാസ് സമർപ്പിച്ചയാൾ 100/- രൂപ മുദ്രപത്രത്തിൽ, തുടർന്നുള്ള ഒരു വർഷത്തേക്ക് സേവനം ഉറപ്പു നൽകിക്കൊണ്ട് ഒരു സമ്മതപത്രം എഴുതി നൽകേണ്ടതാണ്.

ആഴ്ചയിൽ എല്ലാ ദിവസങ്ങളിലും (പൊതു അവധി ദിവസങ്ങളൊഴികെ) എല്ലാ ശുചിമുറികളും വാഷ്ബേസിനുകളും കഴുകി വൃത്തിയാക്കിയിരിക്കണം. കഴുകുന്നതിന് ആവശ്യമായ സാമഗ്രികൾ ഓഫീസിൽ നിന്നും നൽകുന്നതാണ്. പ്രവൃത്തികൾ രാവിലെ 8 മണി മുതൽ വൈകുന്നേരം 4 മണി വരെ സമയമെടുത്ത് നടപ്പാക്കേണ്ടതാണ്.

ഫാമിലെ തൊഴിലാളികളുടെ ജോലി സമയത്ത് (രാവിലെ 7.30 മുതൽ വൈകുന്നേരം 5 മണി വരെ) മാത്രമേ ജോലി ചെയ്യാൻ പാടുള്ളൂ. ശുചിമുറികളുടെ എണ്ണവും വിസ്തീർണ്ണവും, വാഷ്ബേസിനുകളുടെ എണ്ണവും മറ്റും അനുബന്ധമായി പട്ടികയിൽ കൊടുത്തിട്ടുണ്ട്. കൂടുതൽ വ്യക്തതയ്ക്ക് കാര്യങ്ങൾ ഓഫീസിൽ വന്ന് നേരിട്ട് കണ്ട് ബോധ്യപ്പെടാവുന്നതാണ്.

| ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് 2 | | | |
|---|---|---|---|
| ക്രമ നം. | കെട്ടിടത്തിന്റെ പേര് | കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം | വൃത്തിയാക്കേണ്ട ശുചിമുറികളുടെ എണ്ണം |
| 1 | പഴയ ഓഫീസ് കെട്ടിടം | 152 ച.അടി | 2 |
| 2 | നീര പ്രോജക്ടിന്റ് പഴയ കെട്ടിടം | 85 ച. അടി | - |
| 3 | പുതിയ ഓഫീസ് കെട്ടിടം | 119 ച. അടി | - |
| 4 | തൊഴിലാളികളുടെ വിശ്രമമുറി | 48 ച. അടി | 2 |
| 5 | ഗസ്റ്റ് ഹൗസ് | 119 ച. അടി | 2 |

മേൽപ്പറഞ്ഞ ജോലി ഒരു ദിവസം ഒരു പ്രാവശ്യം/രണ്ടു പ്രാവശ്യം നിർവഹിക്കുന്നതിന് എത്ര രൂപ പ്രതിഫലം എന്ന് ദർഘാസിൽ വ്യക്തമായി കാണിച്ചിരിക്കേണ്ടതാണ്. വരുമാന നികുതി ബാധകമാകുന്ന സാഹചര്യത്തിൽ നിലവിലുള്ള നിരക്ക് ഈടാക്കുന്നതായിരിക്കും. ദർഘാസ് സംബന്ധിച്ച സർക്കാർ നിബന്ധനകളെല്ലാം ഇതിന് ബാധകമായിരിക്കും.

മറ്റ് വിവരങ്ങൾ ഓഫീസ് പ്രവൃത്തി സമയത്ത് അന്വേഷിക്കാവുന്നതാണ്. ഫോൺ നമ്പർ: 2280616,

ഒപ്പ്

ഡോ. പി ആർ സുരേഷ്

അസോസ്സിയേറ്റ് ഡീൻ

സ്വീകർത്താവ്

1. നോട്ടീസ് ബോർഡ് ഫാം/ കോളേജ്
2. ഓഫീസർ ഇൻചാർജ് ഫാം
3. വെബ്ബ്സൈറ്റ്
4. നീലേശ്വരം/ കാഞ്ഞങ്ങാട് സൗത്ത് വില്ലേജ് ഓഫീസ്.
5. നീലേശ്വരം/കാഞ്ഞങ്ങാട് നഗരസഭ ഓഫീസ്.
6. ആർ.എ.ആർ.എസ്. പീലിക്കോട്/കരുവാച്ചേരി.

//അംഗീകാരത്തോടുകൂടി അയക്കുന്നത്//

സെക്ഷൻ ഓഫീസർ

V-18.03.2020